GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

**M 8323**

Reg. No.: ..............................

Name : ..................................

**VI Semester B.A. Degree (CCSS – Reg./Supple./Improve.) Examination, May 2015**
**CORE COURSE IN MALAYALAM**
**6 B 13 MAL : ഭാഷാചരിത്രം, അലങ്കാരം, വൃത്തം**
**(2012 Admn.)**

Time : 3 Hours | Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിരിക്കുന്ന തദ്ഭവശബ്ദങ്ങളുടെ സംസ്കൃത രൂപമെഴുതുക.

എ) തണ്ടം (വാഴപ്പള്ളി ശാസനം)

ബി) കളലാതം (വാഴപ്പള്ളി ശാസനം)

സി) വിയരാകണ തേവർ (തരിസാപ്പള്ളി ശാസനം)

ഡി) ചന്തിരാതിത്തിയർ (തരിസാപ്പള്ളി ശാസനം)

2) ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

എ) 'പെറ്റുടൈയൻ നാനുമ് വിടുപേറാക അട്ടിക്കുടുത്തേൻ' എന്ന തരിസാപ്പള്ളി ശാസനഭാഗം ഏത് വ്യാകരണ കാര്യമാണ് സൂചിപ്പിക്കുന്നത് ?

(താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദം, അനുനാസികാതിപ്രസരം )

ബി) ആദ്യകാല കേരളീയ ശാസനങ്ങളിൽ ഉപയോഗിച്ചിരുന്ന ലിപിയേത് ?

(വട്ടെഴുത്ത്, ഗ്രന്ഥാക്ഷരം, കോലെഴുത്ത്, ആര്യ എഴുത്ത്)

സി) 'സംസ്കൃതഹിമഗിരി ഗളിതാ' എന്നു തുടങ്ങുന്ന മംഗലശ്ലോകം ഏതു കൃതിയിലാണുള്ളത് ?

(ഭാഷാസ്വരൂപം, കേരളകൗമുദി, കേരളസാഹിത്യ ചരിത്രം, അന്വേഷണം)

ഡി) 'ഭാഷാസംക്രമം' എന്ന ഭാഷോല്പത്തിവാദം അവതരിപ്പിച്ചത് ആര് ?

(കോവുണ്ണി നെടുങ്ങാടി, ശേഷഗിരിപ്രഭു, സി. എൽ. ആന്റണി, ഗുണ്ടർട്ട്)

P.T.O.

3) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

എ) കേരളഭാഷാവിജ്ഞാനീയം

ബി) A comparative grammer of the Dravidian or South-Indian family of languages

സി) Dravidian Phonetics

ഡി) അന്വേഷണം.

4) പൂരിപ്പിക്കുക.

എ) ചൊല്ലുള്ളതിൽ കവിഞ്ഞുള്ള –
തെല്ലാ ------------------

ബി) ------------------ സാദൃശ്യം
ചൊന്നാലുപമയാമത്

സി) കേളിന്ദ്രവജ്രക്ക് --------------.

ഡി) ജരം ജരം ജഗം നിരന്നു -------------- വരും.

5) ചേരും പടി ചേർക്കുക.

| | |
|---|---|
| എ) രാജശേഖര ചക്രവർത്തി | എ) അവിട്ടത്തൂർ ശാസനം |
| ബി) അയ്യനടികൾ തിരുവടികൾ | ബി) വാഴപ്പള്ളി ശാസനം |
| സി) ഭാസ്കരരവി ഒന്നാമൻ | സി) തരിസാപ്പള്ളി ശാസനം |
| ഡി) കോതരവി | ഡി) ജൂതശാസനം |

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) 'രൂപകാ'ലങ്കാരത്തിന് ലക്ഷണമെഴുതി ഉദാഹരിക്കുക.

7) 'ശ്ലേഷം' എന്നാലെന്ത് ?

8) 'വസന്തതിലക'ത്തിന് ഉദാഹരണമെഴുതി ഗണം തിരിക്കുക.

9) 'നതോന്നത' എന്നാലെന്ത് ?

10) മലയാളം എന്ന പദത്തിന്റെ നിരുക്തിഭേദങ്ങൾ എഴുതുക.

11) പാട്ടിലെ ഭാഷാപരമായ പ്രത്യേകതകൾ കുറിക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) മലയാള ലിപിയുടെ ഉത്പത്തി വികാസങ്ങൾ വിശദീകരിക്കുക.

13) ഭാഷാകൗടലീയത്തിലെ ഭാഷയിൽ വ്യാകരണപരമായി പല അവ്യവസ്ഥകളും കാണുന്നുണ്ട് – വിശദീകരിക്കുക.

14) മിഷണറി ഗദ്യത്തിന്റെ പ്രത്യേകതകൾ ഏവ ?

15) ആംഗലേയഭാഷ മലയാളത്തിന്റെ വളർച്ചയെ സ്വാധീനിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക.

16) 'അലങ്കാരങ്ങളെത്തീർപ്പാനായി ഉപയോഗിക്കുന്ന നാലുസാധനങ്ങൾ' ഏതെല്ലാം ? വിശദീകരിക്കുക.

17) ഉപമാഭേദങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുക.

18) കിളിപ്പാട്ടു വൃത്തങ്ങൾ പരിചയപ്പെടുത്തുക.

IV. **മൂന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) മണിപ്രവാളത്തിൽ ചോളഭാഷയില്ലെന്ന് ലീലാതിലകകാരൻ സമർത്ഥിക്കുന്നതെങ്ങനെ ?

20) തമിഴ് മലയാളങ്ങൾക്ക് സമാനമായ ഒരു പൂർവ്വദശയുണ്ടായിരുന്നു എന്നു പറയാനുള്ള യുക്തികൾ പരിശോധിക്കുക.

21) മലയാളത്തിന്റെ പ്രാചീനരൂപം കണ്ടെത്താൻ ശാസനങ്ങൾ എത്രത്തോളം സഹായകമാണ് ? ഭാഷാസംക്രമണവാദത്തെ ഇതിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

22) പ്രാചീന മദ്ധ്യകാലകൃതികളെ വിലയിരുത്തി മണിപ്രവാള ഭാഷയുടെ പ്രത്യേകതകൾ അനാവരണം ചെയ്യുക.

23) ഭാഷാവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? വിശദമാക്കുക.